പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2348 — 18-12-2012 -ൽ മറുപടിക്ക്.

## ഹൗസിംഗ് ബോർഡ് നവീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>" സി.എഫ്. തോമസ്<br>" തോമസ് ഉണ്ണിയാടൻ<br>" റ്റി.യു. കുരുവിള | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഹൗസിംഗ് ബോർഡിന് കീഴിൽ നഗരപ്രദേശങ്ങളിൽ കൂടുതൽ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരത്തും കൊച്ചിയിലും ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലത്ത് ഗ്രീൻബിൽഡിംഗ് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ട് പാരസ്പര്യ മാതൃകയിൽ ഉപഭോക്താക്കളിൽ നിന്നും വിൽപന വില മുൻകൂറായി സ്വീകരിച്ചുകൊണ്ട് 'ഹരിതം' ഭവന പദ്ധതി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരത്ത് കവടിയാർ ഹൈറ്റ്സ് എന്നപേരിൽ ഫ്ലാറ്റ് സമുച്ചയ പദ്ധതി പൂർത്തിയായി വരുന്നു. |
| (ബി) ഹൗസിംഗ് ബോർഡിനെ നവീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) കേരളാ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്റ്റ്, 1971 ൽ 36 A എന്ന പുതിയ സെക്ഷൻ ഉൾപ്പെടുത്തി ഭേദഗതി ചെയ്തതിനാൽ ബോർഡിന് ജോയിൻറ് വെഞ്ചർ പദ്ധതികളിലും പബ്ളിക് -പ്രൈവറ്റ് പദ്ധതികളിലും ഏർപ്പെടാൻ സാധിക്കും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന സാഫല്യം പദ്ധതി, ഭൂവികസന പദ്ധതിയായ സായൂജ്യം പദ്ധതി, നഗരപ്രദേശങ്ങളിൽ ജോലിചെയ്യുകയും നഗരത്തിനുപുറത്തു താമസിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ തന്നെ താമസിക്കുന്നതിനായി കുറഞ്ഞ വാടകയ്ക്ക് ഫ്ലാറ്റുകൾ ലഭ്യമാക്കുന്ന ഇന്നവേറ്റീവ് ഭവന പദ്ധതി, വനിതകളായ |

സർക്കാർ ജീവനക്കാർക്കുള്ള ഹോസ്റ്റൽ പദ്ധതി, സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി മുതലായവ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്നു. ഹൗസിംഗ് ബോർഡിൻെറ ഹഡ്കോ കടബാദ്ധ്യത സമയബന്ധിതമായി തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കൺസൽട്ടൻസി/കരാർ/ഡെപ്പോസിറ്റ് പദ്ധതികൾ വർദ്ധിച്ച തോതിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും, ഏറ്റവും അവസാനം ത്രിതല പഞ്ചായത്തുകൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സ്ട്രക്ചറൽ ഡിസൈനിംഗ് ഉൾപ്പെടെയുള്ള മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ ബോർഡിനെ നിയോഗിക്കുകയും ചെയ്യതിലൂടെ ബോർഡിൻെറ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാനും നവീകരിക്കുന്നതിനും സാധിക്കുന്നതാണ് .

സെക്ഷൻ ഓഫീസർ